# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2763

17.06.2019-ലെ മറുപടി

## ബാലുശ്ശേരി അങ്ങാടി - ജപ്പാൻ കുടിവെള്ള നവീകരണ പ്രവൃത്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ബാലുശ്ശേരി അങ്ങാടിയിലൂടെ കടന്നു പോവുന്ന ജപ്പാൻ കുടിവെള്ള വിതരണ പൈപ്പ് ലൈൻ ഇടയ്ക്കിടെ പൊട്ടി ശുദ്ധ ജലം റോഡിലൂടെ പാഴായിപോകുന്നതും റോഡുകൾ ഇതുമൂലം തകരുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ജൈക്ക സഹായത്തോടെ ബാലുശ്ശേരി പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണശൃംഖല ബാലുശ്ശേരി അങ്ങാടിയിലുള്ള മെയിൻ റോഡിന്റെ ഇരു വശത്തുമായി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പൈപ്പ് ലൈൻ റോഡിലെ ടാർ ചെയ്ത ഭാഗത്താണ് ഇപ്പോഴുള്ളത്. പൈപ്പ് ലൈൻ പൊട്ടുന്നത് കാരണം റിപ്പയർ ചെയ്യുമ്പോൾ റോഡിന് തകരാർ സംഭവിക്കാറുണ്ട്. ബഹു.എം.എൽ.എയുടെ അധ്യക്ഷതയിൽ 2018 സെപ്റ്റംബറിൽ ചേർന്ന യോഗം പ്രസ്തുത പൈപ്പ് ലൈൻ റോഡ് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് ലഭിച്ച ഭരണാനുമതിയിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം 1620 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 26.09.2018 ന് പൊതുമരാമത്ത് വകുപ്പിന് സമർപ്പിക്കുകയും ചെയ്തു. ടി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയിന്മേൽ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പൈപ്പ് ലൈൻ പ്രവൃത്തിയിലെ അപാകത പരിഹരിച്ച് റോഡിന്റെ ഇരുവശത്തേക്കും ചേർത്തു കൊണ്ടു പുതിയ പൈപ്പ് ലൈൻ ഇടുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | | |
| (സി) | ബാലുശ്ശേരി അങ്ങാടി നവീകരണ പ്രവൃത്തി പൂർത്തിയാവുന്നതിനു മുന്നോടി യായി പഴകിയതും പൊട്ടിയതുമായ പൈപ്പ് ലൈൻ മാറ്റുന്നതിന് തടസ്സ മെന്താണെന്നറിയിക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാക്കാത്തതിനാൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇതിന് ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ